# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
**പബ്ലിക് റിലേഷൻസ് ഓഫീസർ**
**ഫോൺ: 0481 2731020, 2732650,**
**മൊബൈൽ: 9846720402**

**പി.ആർ.ഒ/35/255/2016** **പത്രക്കുറിപ്പ്** **2016 നവംബർ 29**

## പരീക്ഷ നീട്ടി വച്ചു

നവംബർ 30ന് നടത്തുവാൻ നിശ്ചയിച്ചിരുന്ന ഒന്നും രണ്ടും സെമസ്റ്റർ/ഒന്നാം വർഷ പ്രൈവറ്റ് എം.എ/എം.എസ്.സി/എം.കോം (നോൺ സി.എസ്.എസ്) ഡിഗ്രി പരീക്ഷകൾ ഡിസംബർ 13ന് നടത്തും. പരീക്ഷാ കേന്ദ്രത്തിനും സമയത്തിനും മാറ്റമില്ല. മറ്റ് പരീക്ഷകൾക്ക് മാറ്റമില്ല.

## ബി.എ പരീക്ഷാ കേന്ദ്രം

ഡിസംബർ 1ന് ആരംഭിക്കുന്ന ഒന്നും രണ്ടും മൂന്നും വർഷ മോഡൽ ഒന്ന് ബി.എ (ആനുവൽ സ്കീം) പാർട്ട് മൂന്ന് പരീക്ഷകൾക്ക് എറണാകുളം മഹാരാജാസ് കോളജ് പരീക്ഷാ കേന്ദ്രമായി തെരഞ്ഞെടുത്തവർ പിറമാടം ബി.പി.എസ് കോളജിൽ നിന്ന് ഹാൾടിക്കറ്റ് വാങ്ങി അവിടെ തന്നെ പരീക്ഷ എഴുതണം.

## എം.കോം (പ്രൈവറ്റ്) പരീക്ഷാ കേന്ദ്രം

ഒന്നും രണ്ടും സെമസ്റ്റർ/ഒന്നാം വർഷ എം.കോം (പ്രൈവറ്റ്/പ്രൈവറ്റ് സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ഡിസംബർ 2ന് ആരംഭിക്കും. പരീക്ഷാ കേന്ദ്രങ്ങളിൽ ചില ക്രമീകരണങ്ങൾ ചെയ്തിരിക്കുന്നു.

ചങ്ങനാശ്ശേരി എൻ.എസ്.എസ് ഹിന്ദു കോളജ് പരീക്ഷാ കേന്ദ്രമായി തെരഞ്ഞെടുത്തിരിക്കുന്നവർ അവിടെ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി രജി.നമ്പർ 150080015791 മുതൽ 15910 വരെയുള്ളവർ തിരുവല്ല മാക്ഫാസ്റ്റ് കോളജിലും, രജി.നമ്പർ 15911 മുതൽ 16160 വരെയുള്ളവർ ചങ്ങനാശ്ശേരി ക്രിസ്തു ജ്യോതി കോളജ് ഓഫ് മാനേജ്മെന്റ് ആന്റ് ടെക്നോളജിയിലും, 16061 മുതൽ 16160 വരെയുള്ളവർ ചാന്നാനിക്കാട് പി.ജി.രാധാകൃഷ്ണൻ മെമ്മോറിയൽ ശ്രീ നാരായണ കോളജിലും, രജി.നമ്പർ 16161 മുതൽ 16260 വരെയുള്ളവർ കുറ്റൂർ ശ്രീ നാരായണ ആർട്സ് ആന്റ് സയൻസ് കോളജിലും പരീക്ഷ എഴുതണം. ഒന്നും രണ്ടും സെമസ്റ്റർ സപ്ലിമെന്ററി ഉൾപ്പെടെയുള്ള മറ്റ് വിദ്യാർത്ഥികൾ ചങ്ങനാശ്ശേരി എൻ.എസ്.എസ് കോളജിൽ തന്നെ പരീക്ഷ എഴുതണം.

എറണാകുളം സെന്റ് ആൽബർട്സ് കോളജ് പരീക്ഷാ കേന്ദ്രമായി തെരഞ്ഞെടുത്തവർ അവിടെ നിന്നും ഹാൾടിക്കറ്റ് വാങ്ങി രജി. നമ്പർ 150080019941 മുതൽ 20040 വരെയുള്ളവർ കുന്നുകര റ്റി. ഒ. അബ്ദുള്ള മെമ്മോറിയൽ എം.ഇ.എസ് കോളജിലും, രജി.നമ്പർ 20041 മുതൽ 20190 വരെയുള്ളവർ തൃക്കാക്കര കെ.എം.എം. കോളജ് ഓഫ് ആർട്സ് ആന്റ് സയൻസിലും, രജി.നമ്പർ 20191 മുതൽ 20325 വരെയുള്ളവർ കളമശ്ശേരി സെന്റ് പോൾസ് കോളജിലും, രജി.നമ്പർ 20326 മുതൽ 20425 വരെയുള്ളവർ എടത്തല എം.ഇ.എസ് കോളജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസിലും, രജി.നമ്പർ 20426, 20427, 19831 മുതൽ 19832 വരെയുള്ളവരും, രജി.നമ്പർ 20521, 20522, 20631 മുതൽ 20633 വരെയുള്ളവരും പുത്തൻകുരിശ് സെന്റ് തോമസ് ആർട്സ് ആന്റ് സയൻസ് കോളജിലും പരീക്ഷ എഴുതണം. ഒന്നും രണ്ടും സെമസ്റ്റർ എല്ലാ സപ്ലിമെന്ററി വിദ്യാർത്ഥികളും ഐരാപുരം സി.ഇ.റ്റി കോളജ് ഓഫ് മാനേജ്മെന്റ് സയൻസ് ആന്റ് ടെക്നോളജിൽ പരീക്ഷ എഴുതണം.

പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് പരീക്ഷാ കേന്ദ്രമായി തെരഞ്ഞെടുത്തവർ അവിടെ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി രജി.നമ്പർ 150080012091 മുതൽ 12210 വരെയുള്ളവർ റാന്നി സെന്റ് തോമസ് കോളജിലും, രജി.നമ്പർ 12211 മുതൽ 12330 വരെയുള്ളവർ കോന്നി സെന്റ് തോമസ് കോളജിലും, 12331 മുതൽ 12430 വരെയുള്ളവർ പത്തനംതിട്ട വിശ്വബ്രാഹ്മണ കോളജിലും പരീക്ഷ എഴുതണം. രജി.നമ്പർ 150080012431 മുതൽ 12527 വരെയുള്ളവരും, ബെറ്റർമെന്റ് ഉൾപ്പെടെയുള്ള എല്ലാ ഒന്നും രണ്ടും സെമസ്റ്റർ സപ്ലിമെന്ററി വിദ്യാർത്ഥികളും എല്ലാപത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ പരീക്ഷ എഴുതണം.

മറ്റെല്ലാ വിദ്യാർത്ഥികളും അവരവർ തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ തന്നെ പരീക്ഷ എഴുതണം.

## പ്രാക്ടിക്കൽ പരീക്ഷ

രണ്ടാം വർഷ ബി.എസ്.സി മെഡിക്കൽ മൈക്രോബയോളജി (2014 അഡ്മിഷൻ റഗുലർ/2014ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പ്രാക്ടിക്കൽ, വൈവാ വോസി പരീക്ഷകൾ ഡിസംബർ 2 മുതൽ 9 വരെ കോട്ടയം യൂണിവേഴ്സിറ്റി കോളജ് ഓഫ് മെഡിക്കൽ എജ്യൂക്കേഷനിൽ വച്ച് നടത്തും. ടൈംടേബിൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും.

ആറാം സെമസ്റ്റർ എം.എസ്.സി മെഡിക്കൽ ബയോകെമിസ്ട്രി (2013 അഡ്മിഷൻ റഗുലർ/2013ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പ്രാക്ടിക്കൽ പരീക്ഷകൾ ഡിസംബർ 1 മുതൽ ഗാന്ധിനഗർ സ്കൂൾ ഓഫ് മെഡിക്കൽ എജ്യൂക്കേഷനിൽ വച്ച് നടത്തും. ടൈംടേബിൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും.

ഒക്ടോബറിൽ നടന്ന അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ബി.എസ്.സി ഫിസിക്സ് പരീക്ഷയുടെ സപ്ലിമെന്ററി പ്രാക്ടിക്കൽ, 2009നും 2010 അഡ്മിഷൻ വിദ്യാർത്ഥികൾക്ക് ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളജിലും, 2011നും 2012ഉം അഡ്മിഷൻ വിദ്യാർത്ഥികൾക്ക് അതാത് കോളജുകളിൽ വച്ചും ഡിസംബർ 6ന് നടത്തും. ടൈംടേബിൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും.

## പരീക്ഷാ ഫലം

2016 സെപ്തംബർ മാസം നടത്തിയ രണ്ടും നാലും സെമസ്റ്റർ ബി.എസ്.സി ഇലക്ട്രോണിക്സ് (മേഴ്സി ചാൻസ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണഅണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ ഡിസംബർ 9 വരെ സ്വീകരിക്കും.

## ഉത്തരക്കടലാസുകൾ എത്തിക്കണം

2016 ഒക്ടോബർ മാസം നടന്ന ബി.എഡ് (ദ്വിവൽസര) മൂന്നാം സെമസ്റ്റർ പരീക്ഷയുടെ ഉത്തരക്കടലാസുകൾ കോട്ടയം മേഖലയിലുള്ള കോളജുകൾ ഡിസംബർ 1ന് തന്നെ കഞ്ഞിക്കുഴി മൗണ്ട് കാർമൽ കോളജ് ഓഫ് ടീച്ചർ എജ്യൂക്കേഷനിലെ വാല്യുവേഷൻ ക്യാമ്പിൽ എത്തിക്കണം. ഫോൺ 9447817020.

## എം.ജിയിൽ അന്തർദേശീയ കോൺഫറൻസ്

മഹാത്മാ ഗാന്ധി സർവ്വകലാശാലയിലുള്ള ഇന്റർ നാഷണൽ യൂണിറ്റ് ഓൺ മാക്രോമോളിക്യുലർ സയൻസ് ആന്റ് എഞ്ചിനീയറിംഗിന്റെ ആഭിമുഖ്യത്തിൽ അന്തർദേശീയ കോൺഫറൻസ് ഡിസംബർ 9, 10, 11 തീയതികളിൽ സ്കൂൾ ഓഫ് കെമിക്കൽ സയൻസ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തും. പോളിമർ പ്രോസസിംഗ് ആന്റ് ക്യാരക്ടറൈസേഷൻ എന്ന വിഷയത്തെ ആധാരമാക്കി സംഘടിപ്പിക്കുന്ന ശില്പശാല പോളിമർ നിർമ്മാണത്തിലെ നൂതന സാധ്യതകളെയും, വെല്ലുവിളികളെയും ശാസ്ത്രസമൂഹത്തിന്റെ ചർച്ചക്കായി സമർപ്പിക്കുന്നതാണ്. ലോകപ്രശസ്തരായ ഇരുനൂറോളം പോളിമർ ശാസ്ത്രജ്ഞർ പങ്കെടുക്കുന്ന അന്താരാഷ്ട്ര ശില്പശാല വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യും. പ്രൊഫ. സാബു തോമസ്, ഡോ. നന്ദകുമാർ കളരിക്കൽ എന്നിവർ നേതൃത്വം നൽകും. മുഖ്യപ്രഭാഷണങ്ങൾ, ഷോർട്ട് ലക്ചേഴ്സ്, പോസ്റ്റർ പ്രദർശനം, ബ്രയിൻ സ്ടോമിംഗ് സെഷനുകൾ, ശാസ്ത്രജ്ഞരും വ്യവസായികളുമായുള്ള സംവാദങ്ങൾ മുതലായവ ശില്പശാലയുടെ പ്രത്യേകതകളാണ്. രജിസ്ട്രേഷനും, വിവരങ്ങൾക്കും ഫോൺ 9747099541.. ഇമെയിൽ processing@macromol.in

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)